

# പെരുമഴയത്തൊരു കൈതാങ്ങ്

Adv Liji Jimmy Thalakottoor





അന്ന് പതിവില്ലാതെ അതിരാവിലെ ഉണർന്ന രാജു കണ്ടത് മുറ്റത്ത് കെട്ടിക്കിടക്കുന്ന വെള്ളമാണ്. ശക്തമായ മഴയിൽ അയൽവാസികളെല്ലാം വീടുവിട്ടുപോയെങ്കിലും, പുറത്തുപോയ അച്ഛൻ തിരിച്ചെത്താൻ വൈകിയതിനാൽ അവൻ വീട്ടിൽത്തന്നെ ഒറ്റയ്ക്കായി.



മഴ കനത്തതോടെ വെള്ളം കഴുത്തോളം പൊന്തി, രാജു വീടിന്റെ മുകളിലത്തെ നിലയിലേക്ക് ഓടിക്കയറി. അച്ഛൻ വരുന്നതും കാത്ത് അവൻ മണിക്കൂറുകളോളം കരഞ്ഞുകൊണ്ട് അവിടെയിരുന്നു.





നേരം ഇരുട്ടിയപ്പോൾ അവന് കടുത്ത വിശപ്പ് അനുഭവപ്പെട്ടു. കൈയിലുണ്ടായിരുന്ന രണ്ട് കഷ്ണം ബ്രെഡ് മാത്രം കഴിച്ച് അവൻ ഭയത്തോടെ ആ ഇരുണ്ട മുറിയിൽ ഉറങ്ങാൻ കിടന്നു.





ഉണർന്നു നോക്കിയപ്പോൾ വീടിന്റെ പകുതി വരെ വെള്ളം കയറിയിരുന്നു. അച്ഛനെക്കുറിച്ചുള്ള ഓർമ്മകളും ഒറ്റപ്പെടലും അവനിൽ വലിയ ഭീതി പരത്തി, അവൻ പൊട്ടിക്കരഞ്ഞു.





ഒരു ദിവസം മുഴുവൻ ആഹാരമില്ലാതെ ആരും തുണയില്ലാതെ അവൻ പട്ടിണി കിടന്നു. ആ വലിയ മഹാമാരിയുടെ മുന്നിൽ എന്തുചെയ്യണമെന്നറിയാതെ അവൻ തന്റെ വികാരങ്ങളെ അടക്കിപ്പിടിച്ച് ധൈര്യം സംഭരിച്ചു.



പിറ്റേദിവസം രാവിലെ വെള്ളം രണ്ടാം നിലയുടെ അടുത്ത് വരെ എത്തി. മണിക്കൂറുകൾ നീണ്ട കാത്തിരിപ്പിനൊടുവിൽ ഒരു ദേവദൂതനെപ്പോലെ ഒരാൾ വഞ്ചിയിൽ തുണയുമായി അവിടെയെത്തി.





മുഖം പരിചിതമല്ലെങ്കിലും, അവിടെനിന്ന് രക്ഷപ്പെടാനുള്ള ആഗ്രഹത്തോടെ രാജു ആ വഞ്ചിയിൽ കയറി. അയാൾ അവനെ സുരക്ഷിതമായ ഒരു ദുരിതാശ്വാസ ക്യാമ്പിലേക്ക് എത്തിച്ചു.





ഒന്നും കഴിക്കാത്തതുകൊണ്ട് പൂർണ്ണമായി തളർന്ന രാജുവിന് ക്യാമ്പിലുണ്ടായിരുന്നവർ ഭക്ഷണവും സംരക്ഷണവും നൽകി. എന്നാൽ പ്രളയത്തിൽ അച്ഛൻ മരണപ്പെട്ടു എന്ന ക്രൂരമായ സത്യം അവൻ വൈകിയാണ് അറിയുന്നത്.





അച്ഛന്റെ വിയോഗവാർത്ത താങ്ങാനാവാതെ അവൻ പൊട്ടിക്കരഞ്ഞപ്പോൾ, അവിടത്തെ ഒരു അമ്മൂമ്മ അവനെ വാത്സല്യത്തോടെ ചേർത്തുപിടിച്ചു ആശ്വസിപ്പിച്ചു.



തന്റെ ജീവൻ രക്ഷിച്ച ആ മനുഷ്യനെ അവൻ ഇന്നും ഒരു 'ദേവദൂതനായി' ഓർക്കുന്നു. മതത്തിന്റെയും ജാതിയുടെയും വേലിക്കെട്ടുകൾക്കപ്പുറം മനുഷ്യത്വത്തിന്റെ മാത്രം കരുത്തിൽ ഒന്നിച്ചുനിന്ന ആ 2018 ലെ പ്രളയകാലം അവന്റെ ഓർമ്മകളിൽ എപ്പോഴും മായാതെ നിൽക്കുന്നു.